"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ഗീത ചെറിയാൻ കൺസൾട്ടന്റ് (ഗൈനക്കോളജി) ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻ മുമ്പാകെ ഫയൽ ചെയ്ത OA No.936/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 27.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2624/2023/H&FWD തീയതി,തിരുവനന്തപുരം, 11-10-2023

---

പരാമർശം:-

1. സ.ഉ (സാധാ) നം.1382/2023/ആകവ തീയതി 09.06.2023
2. OA No.936/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 27.06.2023-ലെ ഉത്തരവ്.
3. ഡോ.ഗീത ചെറിയാൻ സമർപ്പിച്ച 01.07.2023 തീയതിയായ അപേക്ഷ.
4. സ.ഉ (സാധാ) നം.1984/2023/ആകവ തീയതി 05.08.2023.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിലെ കൺസൾട്ടന്റ് തസ്തികയിലെ മെഡിക്കൽ ഓഫീസർമാരുടെ പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ ഓപ്ഷൻ നൽകാത്ത സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ .ഗീത ചെറിയാൻ ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA No.936/2023 ഫയൽ ചെയ്തു. ബഹു: ട്രൈബ്യൂണലിന്റെ 27.06.2023- ലെ ഉത്തരവിൽ, അപേക്ഷക ഒരാഴ്ചയ്ക്കുള്ളിൽ സർക്കാർ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്ന പക്ഷം അപേക്ഷകയെയും 3 മുതൽ 6 വരെയുള്ള എതിർകക്ഷികളെയും സർക്കാർ നേരിൽ കേൾക്കുന്നതിനും, എതിർകക്ഷികൾ സമർപ്പിക്കുന്ന തർക്കങ്ങൾ കൂടി പരിശോധിച്ചതിനു ശേഷം അപ്പീൽ കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയുണ്ടായി..

2 ) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി 18.08.2023-ൽ അപേക്ഷകയെയും 3 മുതൽ 6 വരെയുള്ള എതിർകക്ഷികളെയും നേരിൽ കേൾക്കുകയും അപേക്ഷക സമർപ്പിച്ച പരാമർശം ( 3 ) അപ്പീൽ

49_763

GOVERNMENT OF KERALA 2017-18

അപേക്ഷ പരിശോധിക്കുകയും ചെയ്തു.

3 ) കൊല്ലം വിക്ടോറിയ ആശുപത്രിയിലേയ്ക്ക് ഓപ്ഷൻ നൽകിയെങ്കിലും സ്ഥലംമാറ്റം അനുവദിച്ചത് തുറവൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലേയ്ക്കാണെന്നും കൊല്ലം വിക്ടോറിയ ആശുപത്രിയിൽ സ്ഥലംമാറ്റം അനുവദിച്ചില്ലെങ്കിലും നിലവിലെ സ്ഥാപനമായ പത്തനംതിട്ട അടൂർ ജനറൽ ആശുപത്രിയിൽ തുടരാൻ അനുവദിക്കണം എന്നും പരാമർശം (3) അപ്പീലിൽ അപേക്ഷിച്ചിരുന്നു.

4 ) കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. 3-ാം എതിർകക്ഷി ഡോ.രാധിക.ഡി.എസ്. ബഹു:ട്രിബ്യൂണലിന് മുമ്പാകെ ഫയൽ ചെയ്ത OA No.1822/2022 മേലുള്ള 08.11.2022-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടിയാൾക്ക് കൊല്ലം വിക്ടോറിയ ആശുപത്രിയിൽ നിയമനം നൽകിയിരുന്നത്. എന്നാൽ അപേക്ഷകക്ക് ഡോ.രാധികയെക്കാൾ സ്റ്റേഷൻ സീനിയോരിറ്റി ഉള്ളതിനാൽ അപേക്ഷകയെ കൊല്ലം സ്ത്രീകളുടെയും കുട്ടികളുടെയും (വിക്ടോറിയ) ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റം നൽകി പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഡോ.രാധിക.ഡി.എസ്.-നെ ആലപ്പുഴ തുറവൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് സ്ഥലം മാറ്റുന്നതിനും കമ്മിറ്റി തീരുമാനിച്ചു.

5 ) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ.ഗീത ചെറിയാനെ കൊല്ലം വിക്ടോറിയ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേയ്ക്കും, 3-ാം എതിർകക്ഷി ഡോ.രാധിക.ഡി.എസ്-നെ തുറവൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലേയ്ക്കും സ്ഥലംമാറ്റിക്കൊണ്ട് ഉത്തരവാകുന്നു.

6 ) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No.936/2023-മേലുള്ള 27.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V P

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കൊല്ലം / ആലപ്പുഴ.

**Dr.Geetha Cheriyan, Consultant (Gynaecology), Sangeetham, No.27, Namparath Gardens, Mathilil P.O., Thrikkadavoor, Kollam - 691 601.**

**Dr.Radhika.D.S., Consultant (O&G), District Hospital, Mavelikkara, Alappuzha - 690 102.**

**Dr.Anuja V.G., Consultant (O&G), W&C Hospital (Victoria), Kollam - 691 001.**

**Dr.Sindhi.S, Consultant (O&G), W&C Hospital, Thycaud, Thiruvananthapuram.**

**Dr.Rakhi.S.Anand, Consultant (O&G), W&C Hospital, Ponnani, Malappuram.**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ.

മേലെഴുത്ത് നം. ഇ.എ1-5159/2023/ആ.വ.ഡ, തീയതി 12.10.2023

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി